# CAREER Updates
# പത്രവൃത്താന്തം

**30.10.2024 (ബുധൻ)**




- ➪ രാജ്യങ്ങളിലെ നിയമവാഴ്ചയുമായി ബന്ധപ്പെട്ട വേൾഡ് ജസ്റ്റിസ് പ്രോജക്ടിന്റെ 2024-ലെ റൂൾ ഓഫ് ലോ ഇൻഡക്സിൽ ഇന്ത്യയുടെ സ്ഥാനം
- ✔ 79
- 142 രാജ്യങ്ങളുൾപ്പെട്ട സൂചികയിൽ ഒന്നാം സ്ഥാനം നേടിയത് ഡെൻമാർക്ക് ആണ്. രണ്ടും മൂന്നും സ്ഥാനങ്ങളിൽ യഥാക്രമം നോർവേ, ഫിൻലന്റ് എന്നീ രാജ്യങ്ങളാണ്.

- ➪ മിസ് ഗ്രാൻഡ് ഇന്റർനാഷണൽ കിരീടം നേടിയ ആദ്യ ഇന്ത്യക്കാരി എന്ന നേട്ടത്തിനർഹയായത്
- ✔ റേച്ചൽ ഗുപ്ത
- മിസ് ഗ്രാൻഡ് ഇന്റർനാഷണൽ കിരീടം നേടിയ മൂന്നാമത്തെ ഏഷ്യക്കാരിയാണ് റേച്ചൽ ഗുപ്ത.
- ➪ സംസ്ഥാന സർക്കാരിന്റെ 2024-ലെ ഭരണഭാഷാ പുരസ്കാരം നേടിയ ജില്ല
- ✔ പത്തനംതിട്ട
- സംസ്ഥാന സർക്കാരിന്റെ 2024-ലെ മികച്ച വകുപ്പിനുള്ള ഭരണഭാഷാ പുരസ്കാരം നേടിയത് ഹോമിയോപ്പതി വകുപ്പ് ആണ്.
- ➪ 2024-ലെ എ.സി.സി. പുരുഷ ടി-20 എമർജിംഗ് ടീംസ് ഏഷ്യകപ്പ് കിരീടം നേടിയത്
- ✔ അഫ്ഗാനിസ്ഥാൻ എ ടീം
- ➪ 2024 ഒക്ടോബറിൽ ഇന്ത്യൻ തീരദേശ സേന പുറത്തിറക്കിയ ഫാസ്റ്റ് പട്രോൾ വെസ്സലുകൾ
- ✔ അദമ്യ, അക്ഷർ
- ➪ 2024 ഒക്ടോബറിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ബർദ വന്യജീവിസങ്കേതം സ്ഥിതി ചെയ്യുന്ന സംസ്ഥാനം
- ✔ ഗുജറാത്ത്
- ഗിർ വനം കഴിഞ്ഞാൽ ഏഷ്യൻ സിംഹങ്ങളുടെ രണ്ടാമത്തെ ഭവനമായി നിർദ്ദേശിക്കപ്പെട്ടിട്ടുളളത് ബർദ വന്യജീവിസങ്കേതമാണ്.
- ➪ 2024-ലെ ദേശീയ വിജിലൻസ് അവബോധവാരമായി ആചരിക്കപ്പെടുന്നത്
- ✔ ഒക്ടോബർ 28 മുതൽ നവംബർ 3 വരെ
- 'രാജ്യത്തെ അഭിവൃദ്ധിക്കായി സത്യനിഷ്ഠയുടെ സംസ്കാരം' എന്നതാണ് 2024-ലെ ദേശീയ വിജിലൻസ് അവബോധവാരത്തിന്റെ പ്രമേയം.
- ➪ ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്കായി ഏറ്റവും കൂടുതൽ സെഞ്ചുറികൾ നേടിയ വനിതാ താരം
- ✔ സ്മൃതി മന്ദാന
- എട്ട് സെഞ്ചുറികളാണ് സ്മൃതി മന്ദാന ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്കായി നേടിയിട്ടുള്ളത്.
- ➪ കുടുംബശ്രീയുടെ സേവനങ്ങൾ സ്മാർട്ട് ഫോണിൽ ലഭ്യമാക്കാനുളള ആപ്പ്
- ✔ പോക്കറ്റ് മാർട്ട് ആപ്പ്
- ➪ മുതിർന്ന പൗരൻമാരുടെ ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ടുളള ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജനയുടെ ഭാഗമായി 2024 ഒക്ടോബറിൽ പുറത്തിറക്കിയ കാർഡ്
- ✔ വയ വന്ദന കാർഡ്

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999